"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കോഴിക്കോട് ജില്ല - വന്യജീവി ആക്രമണം (പാമ്പ് കടി) മൂലം മരണപ്പെട്ട ബീരാൻകോയയുടെ ആശ്രിതർക്ക് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.324/2026/DMD തീയതി,തിരുവനന്തപുരം, 29-07-2026

---

പരാമർശം:-
1. 07/03/2024 ലെ സ. ഉ. (കൈ ) നം .4/2024/ഡി. എം. ഡി
2. 09/05/2025 ലെ സ. ഉ. (സാധാ) നം.304/2025/ഡി.എം.ഡി
3. 07.07.2026 ലെ കോഴിക്കോട് ജില്ലാ കളക്ടറുടെ DCKKD/6658/2026-F4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിൽ വന്യജീവി ആക്രമണം (പാമ്പ് കടി) മൂലം മരണപ്പെട്ട ശ്രീ. ബീരാൻകോയയുടെ ഭാര്യ ശ്രീമതി കെ. റസിയ ആശ്രിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്ന് ധനസഹായം ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും, 05.05.2024-ൽ മരണപ്പെട്ട ടിയാന്റെ ആശ്രിതർക്ക് 24.03.2025- ൽ വനം വകുപ്പിൽ നിന്ന് 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ) ധനസഹായം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും ബാക്കി 2 ലക്ഷം രൂപ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ജില്ലാ കളക്ടർ പരാമർശം (3) കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2.മനുഷ്യ - വന്യജീവി സംഘർഷം പരാമർശം (1) പ്രകാരം "സംസ്ഥാന സവിശേഷ ദുരന്ത"മായി പ്രഖ്യാപിച്ചിരുന്നു. പരാമർശം (2) മാനദണ്ഡ പ്രകാരം 07.03.2024 മുതൽ പ്രാബല്യത്തിൽ, പാമ്പ്, തേനീച്ച, കടന്നൽ എന്നിവയുടെ ആക്രമണത്തെ തുടർന്ന് മരണപ്പെടുന്ന വ്യക്തികളുടെ ആശ്രിതർക്ക് SDRF നിന്ന് ₹4,00,000/- (നാല് ലക്ഷം രൂപ) ധനസഹായം അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിൽ വന്യജീവി ആക്രമണം (പാമ്പ് കടി) മൂലം മരണപ്പെട്ട ശ്രീ. ബീരാൻകോയയുടെ ആശ്രിതർക്ക് സർക്കാർ ഉത്തരവിൽ അനുവദനീയമായ ആകെ ധനസഹായമായ ₹4,00,000/-യിൽ നിന്ന് വനം വകുപ്പിൽ നിന്ന് ഇതിനകം ലഭിച്ച ₹2,00,000/- കിഴിവ് ചെയ്ത്, ശേഷിക്കുന്ന ₹2,00,000/- (രണ്ട് ലക്ഷം രൂപ) സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ "2245-02-101-94-Flood other items" എന്ന ശീർഷകത്തിൽ നിന്നും കോഴിക്കോട് ജില്ലാ കളക്ടർക്ക് അനുവദിച്ചു കൊണ്ട്

ഉത്തരവാകുന്നു. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും തുക കോഴിക്കോട് ജില്ലാ കളക്ടർക്ക അനുവദിക്കുന്നതിനുള്ള നടപടി ദുരന്ത നിവാരണ വകുപ്പ് ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

4. നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് ശീർഷകത്തിൽ നിന്ന് തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്

അണ്ടർ സെക്രട്ടറി

ജില്ലാ കളക്ടർ, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ഫിനാൻസ് ഓഫീസർ ,ദുരന്ത നിവാരണ (ബി) വകുപ്പ്
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
റവന്യൂ (ഡി .ആർ എഫ് -എ )വകുപ്പ്
ദുരന്ത നിവാരണ വകുപ്പ് A3 സീറ്റ്
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം.DMB3/103/2026-DMD)

ഉത്തരവിൻ പ്രകാരം

Digitally signed by
Manu S
Date: 29-07-2026
16:59:54

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്